LIBRARY ARCHIVES Kerala Legislative Assembly

**പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ**

70 (T*5418) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനജലവും, ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഹാനികരമല്ലാത്ത രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള "പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ്" എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ സർക്കാർ ഏജൻസികളും ശുചിത്വമിഷനും പ്രസ്തുത പ്ലാന്റുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചെലവു കുറഞ്ഞ ഇത്തരം തദ്ദേശീയ പ്രോജക്ടുകൾ വ്യാപകമായി നടപ്പാക്കുന്ന കാര്യം അടിയന്തരമായി പരിശോധിക്കുമോ ?

ഉത്തരം

(എ) പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ് എന്ന ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനം സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സംവിധാനത്തിന്റെ ഫീൽഡ് തല പരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയുള്ള പൂർണ്ണമായ സാങ്കേതിക വിവരങ്ങൾ, രേഖകൾ എന്നിവ ഇതുവരെയും ലഭ്യമായിട്ടില്ല.

(സി) വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**കൊയിലാണ്ടിയിലെ ശ്രീമതി ദേവകിയുടെ പരാതി**

71 (5419) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭയിലെ താമസക്കാരി ശ്രീമതി മലയിൽ ചാലിൽ ദേവകി സമർപ്പിച്ച പരാതിയിൽ ഫയൽ 14868/ഡി.സി2/2014 എൽ.എസ്.ജി.ഡി. പ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

പരാതിയുടെ പകർപ്പ് 10-3-2014-ലെ 14868/ഡി.സി.2/2014/തസ്വഭവ. നമ്പർ കത്ത് പ്രകാരം അടിയന്തര റിപ്പോർട്ടിനായി എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീക്ക് അയച്ചിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട കൊയിലാണ്ടി എം.എൽ.എ.-യെ 10-3-2014-ലെ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. (14868/ഡി.സി.2/2014/തസ്വഭവ.)

**പരസ്യബോർഡുകൾ വഴി നികുതി സമാഹരണം**

72 (5420) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ നികുതി സമാഹരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും ചെറുതും വലുതുമായ പരസ്യബോർഡുകൾ സ്ഥാപിച്ചും വൈദ്യുതി കാലുകളിൽ അപകടകരമായ രീതിയിൽ കേബിൾ വയറുകളും പരസ്യബോർഡുകളും മറ്റും ഉക്കിയിട്ടും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് അനധികൃതമായി പരസ്യബോർഡുകൾ സ്ഥാപിച്ച് ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വിരൂപമാക്കുന്നതും തടഞ്ഞ് ഈയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ലഭിക്കുന്ന ഫീസ് ലഭിക്കാതെ പോകുന്നത് തടയുക, ഹ്ളക്സ് ബോർഡുകളുടെ അനിയന്ത്രിത വർദ്ധനവ് മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ശ്രക്ഷമാകുന്നത് തടയുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതി നടപ്പിലാക്കുവാൻ ക്ലീൻ കേരളാ കമ്പനിയെ അധികാരപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly